പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.370 29.06.2016-ൽ മറുപടിയ്ക്ക്

## ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം മേഖലാ പരിശീലന കേന്ദ്രമാക്കി മാറ്റാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.സത്യൻ | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി) | |
| (എ) | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം മേഖലാ പരിശീലന കേന്ദ്രമാക്കി മാറ്റിയിട്ടുണ്ടോ ; എങ്കിൽ ഇതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഇനി ഒരുക്കേണ്ടതെന്ന് വിശദമാക്കാമോ ; | (എ) | ഇല്ല. |
| (ബി) | ഇവിടെ സിന്തറ്റിക് ട്രാക്ക് നിർമ്മാണത്തിനും അനുബന്ധ പണികൾക്കുമായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും, നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തിയാകുമെന്നും, നിർമ്മാണ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്ന ഏജൻസി ഏതാണെന്നും വിശദമാക്കാമോ ; | (ബി) | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക് നിർമ്മാണത്തിനായി മെസ്സേഴ്സ് കിറ്റ്കോ സമർപ്പിച്ച 4.99 കോടി രൂപയുടെ എസ്റ്റിമേറ്റിന് 23.05.2015-ലെ സ.ഉ.(ആർ.റ്റി)നം.119/15/കാ.യു.വ പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് സിന്തറ്റിക് ട്രാക്ക് നിർമ്മാണത്തിനായി മെസ്സേഴ്സ് കിറ്റ്കോയെ പ്രോജക്ട് കൺസൾട്ടന്റായി നിയമിക്കുന്നതിനും, പ്രസ്തുത പ്രവർത്തി ഡെപ്പോസിറ്റ് വർക്കായി ഏൽപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| (സി) | ഇവിടെ ഹോസ്റ്റൽ പ്രവൃത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ പ്രവൃത്തിപ്പിക്കാൻ ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പാലിക്കേണ്ടതായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ? | (സി) | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ